എ. ഇ. (2) 666/10

കൃഷി അസിസ്ററന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
**ആലപ്പുഴ, തീയതി 20.11.2012**

**ലേല/ദർഘാസ് പരസ്യം**

കേരള ഗവർണ്ണർക്കു വേണ്ടി ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ ഓഫീസ് പരിസരത്ത് സൂക്ഷിച്ചിരിക്കുന്ന കെ.ഇ.റ്റി 3019 ലോറി ഇപ്പോഴുള്ള നിലയിൽ 2012 ഡിസംബർ മാസം 26 -ാം തീയതി പകൽ 2.30 മണിക്ക് പരസ്യമായി ലേല/ദർഘാസ് വ്യവസ്ഥയിൽ വിൽക്കുന്നതിനുവേണ്ടി പരസ്യപ്പെടുത്തുന്നു.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല ദിവസം 1 മണിക്ക് മുൻപായി 6250/- രൂപയും നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റ് ആയി ആലപ്പുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി)യുടെ പേരിൽ മാറാവുന്നതായിരിക്കേണ്ടതാണ്.

2012 ഡിസംബർ മാസം 26-ാം തീയതി പകൽ 2.30 മണിവരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി 6250/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കണം. താമസ്സിച്ചു കിട്ടുന്ന ദർഘാസും നിരതദ്രവ്യം ഇല്ലാത്ത ദർഘാസും നിരസിക്കുന്നതാണ്.

ഏറ്റവും കൂടുതൽ തുക ലേലം വിളിക്കുകയോ ദർഘാസ് നൽകുകയോ, ചെയ്യുന്നയാളിൻെറ പേരിൽ കൃഷി ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി താൽക്കാലികമായി വില്പന സ്ഥിരപ്പെടുത്തുന്നതാണ്. വിൽപ്പന സ്ഥിരപ്പെടുത്തുന്ന ആൾ വിൽപ്പന തുകയുടെ 1/3 ഉടനെതന്നെ അടയ്ക്കേണ്ടതാണ്. ബാക്കി തുകയും വിൽപന നികുതിയും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 7 ദിവസത്തിനകം അടച്ച് വാഹനം സ്വന്തം ചിലവിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) യുടെ അറിവോടുകൂടി ഓഫീസ് പരിസരത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്.

വാഹനം പരിശോധിക്കേണ്ടവർക്ക് 2012 ഡിസംബർ 26-ാം തീയതി 1 മണിവരെ പ്രവർത്തി ദിവസങ്ങളിൽ പരിശോധിയ്ക്കാവുന്നതാണ്.

ലേല/ ദർഘാസ് യാതൊരു കാരണവും കാണിയ്ക്കാതെ മാറ്റി വയ്ക്കുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. സാധാരണ സർക്കാർ ലേലം/ ദർഘാസ് ഉള്ള എല്ലാ നിയമങ്ങളും നിബന്ധനകളും ഇതിനും ബാധകമാണ്.

കുടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ബന്ധപ്പെടാവുന്നതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി),

സ്വീകർത്താവ്-

1) സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം(2 കോപ്പി)
2) ഡയറക്ടർ പബ്ലിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം (5 കോപ്പി)
3) കൃഷി ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4) പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ (ആമുഖ കത്ത് സഹിതം)
5) എക്സിക്യൂട്ടീവ് എൻജിനീയർ(കൃഷി), ആലപ്പുഴ (ആമുഖ കത്ത് സഹിതം)
6) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(കൃഷി), കോട്ടയം, കൊല്ലം.